ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനം ഉറപ്പു വരുത്തുവാൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. പദ്ധതികൾക്ക് അംഗീകാരം ഡി. പി. സി.യാണ് നൽകുന്നത്.

(ഡി) 3629.48 കോടി രൂപ.

(ഇ) തുക വകമാറ്റി ചെലവ് ചെയ്തിട്ടില്ല.

കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടി

215 [3187] *ശ്രീ. ഷിബു ബേബി ജോൺ:*

„ *ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ്കുമാർ:*

„ *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതര വകുപ്പുകളുമായി സഹകരിച്ച് ഇവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പട്ടികജാതിവകുപ്പ്, വിനോദസഞ്ചാരവകുപ്പ്, കൃഷിവകുപ്പ് എന്നിവയുമായി ചേർന്ന് കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

---

† അനുബന്ധം XII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[5-8-2005-ലെ 215 (3187)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

കുടുംബശ്രീയിലെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

1. കുടുംബശ്രീ സംഘടനാ സംവിധാനം മൂന്ന് വ്യത്യസ്ത ഘട്ടങ്ങളിലായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുകയും 3,179,662 ദരിദ്രകുടുംബങ്ങളെ സംഘടനാ സംവിധാനത്തിൽ കൊണ്ടുവരികയും ഇതിലൂടെ 156,581 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 13,916 ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ധനകാര്യസ്ഥാപനങ്ങളുമായുള്ള കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ബന്ധം മെച്ചപ്പെടുത്തുകയും ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പകൾ ലഭ്യമാക്കുകയും ചെയ്തു. 2005 ജൂൺ 30 വരെ ഈ ഇനത്തിൽ വിവിധ ബാങ്കുകൾവഴി 360 കോടി രൂപ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്.

3. കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ പാവപ്പെട്ട കുടുംബങ്ങളുടെ വരുമാനവർദ്ധനവിനുതകുന്ന 16,727 മൈക്രോ സംരംഭങ്ങൾ നഗരപ്രദേശങ്ങളിലും, 34,679 മൈക്രോ സംരംഭങ്ങൾ ഗ്രാമപ്രദേശങ്ങളിലും ആരംഭിച്ചിട്ടുണ്ട്.

4. സംരംഭകർക്ക് മികച്ച പരിശീലനം ലഭ്യമാക്കുന്നതിന് ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായും ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

5. 445,913 കുട്ടികൾ ഉൾപ്പെട്ട 25,267 ബാലസഭകൾ രൂപീകരിച്ചിട്ടുണ്ട്.

6. അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രചോദിപ്പിക്കുന്ന രീതിയിൽ ആശ്രയ പദ്ധതി ആവിഷ്കരിച്ചു. 364 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭകളിലും ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

7. പാവപ്പെട്ട ഭവനരഹിത കുടുംബങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിലേക്കായി ഭവനശ്രീ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. 58298 അയൽക്കൂട്ടങ്ങൾ ബാങ്കുമായി ലിങ്ക് ചെയ്യുകയും 230.4 കോടി രൂപ വായ്പയായി ലഭ്യമാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

8. ലീസ്‌ലാന്റ് ഫാമിംഗ് പദ്ധതി സംസ്ഥാന വ്യാപകമായി അയൽക്കൂട്ടങ്ങൾ മുഖേന നടപ്പാക്കിവരുന്നു. 30-6-2005 വരെ 18020.48 ഹെക്ടർ സ്ഥലത്ത് ലീസ്‌ലാന്റ് ഫാമിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. അഭ്യസ്തവിദ്യരായ 50,000 ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിന്റെ ഭാഗമായി 283 മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

10. ക്ലീൻ ഡസ്റ്റിനേഷൻ ക്യാംപയിൻ: സംസ്ഥാന ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ 14 ജില്ലകളിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ വനിതകളുടെ ആക്ടിവിറ്റി ഗ്രൂപ്പുകൾ നടത്തിവരുന്നു.

അനുബന്ധം XIII

[5-8-2005-ലെ 234 (3208)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

1 *തിരുവനന്തപുരം ജില്ല*

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ —നെടുമങ്ങാട്

2 *പത്തനംതിട്ട ജില്ല*

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ —അടൂർ

3 *കോട്ടയം ജില്ല*

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ —വൈക്കം

4 *പാലക്കാട് ജില്ല*

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ —ആലത്തൂർ
(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ —നെൻമാറ

5 *കോഴിക്കോട് ജില്ല*

കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ —ബാലുശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly